KOLLAMCITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 18/08/ 2019

# 10 വർഷങ്ങൾക്ക് മുമ്പ് കാണാതായ ആളിനെ ഡിസ്ട്രിക് മിസ്സിംങ് പേഴ്സൺ ട്രെയിസിംങ് യൂണിറ്റ് കണ്ടെത്തി.

കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ പട്ടത്താനത്ത് നിന്നും 16.11.2008 -ൽ കാണാതായ പട്ടത്താനം സുരഭി നഗർ 260 ചെറുവള്ളിക്കര പടിഞ്ഞാറ്റതിൽ വീട്ടിൽ തങ്കച്ചനെയാണ് പോലീസ് കണ്ടെത്തി കോടതിയിൽ ഹാജരാക്കിയത്. തങ്കച്ചനെ കാണാതായതുമായി ബന്ധപ്പെട്ട് 13.01.2009-ൽ സഹോദരി ബീന കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ പരാതി ഹാജരാക്കിയിരുന്നതും ടിയാളുടെ മൊഴി പ്രകാരം കൊല്ലം ഈസ്റ്റ് പോലീസ് ക്രൈം.54/2009 നമ്പർ ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു എങ്കിലും തങ്കച്ചനെ കണ്ടെത്താൻ ആയില്ല. തുടർന്ന് ഈ കേസ്സിന്റെ അന്വേഷണം കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ചിലെ ഡിസ്ട്രിക് മിസ്സിംങ് പേഴ്സൺ ട്രെയിസിംങ് യൂണിറ്റിലെ പ്രത്യേക അന്വേഷണ സംഘം ഏറ്റെടുത്തിരുന്നതും, അന്വേഷണത്തിൽ ടി തങ്കച്ചൻ കരുശുമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വീട്ടിൽ നിന്നും പോയിട്ടുള്ളതായി രുന്നു എന്നും ടിയാന് ചെറിയതോതിൽ മാനസിക അസ്വാസ്ത്യം ഉള്ള ആൾ ആയി രുന്നു എന്നും അറിവായിട്ടുള്ളതാണ്. തുടർന്ന് മാനസിക അസ്വാസ്യം ഉള്ളവരേയും മറ്റും പാർപ്പിച്ച് വരുന്ന അഗതി മന്ദിരങ്ങളും വൃദ്ധസദനങ്ങളും കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ ടി തങ്കച്ചൻ കൊട്ടാരക്കര കലയപുരം ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള കലയപുരം ആശ്രയ സങ്കേതത്തിൽ ഉള്ള തായി കണ്ടെത്തുകയും തങ്കച്ചനെ സഹോദരി ബീനയ്ക്കൊപ്പം കോടതി മുമ്പാകെ ഹാജരാക്കുകയും കോടതി ടിയാനെ സഹോദരിയെ ഏൽപ്പിച്ച് ആശ്രയ സങ്കേതത്തിൽ തിരികെ എത്തിച്ചിട്ടുള്ളതുമാണ്. ജില്ലാ ക്രൈം ബ്രാഞ്ച്, അസി. പോലീസ് കമ്മീഷണർ ശ്രീ.ജി.സർജുപ്രസാദിന്റെ നേതൃത്വത്തിൽ എസ്.ഐ.മാരായ എൻ.വിജയൻ, മോഹൻലാൽ എ.എസ്.ഐമാരായ ജയപ്രദീപ്, അനിൽകുമാർ എന്നിവർ ആണ് അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നത്.